## 955

വന്നിടും യേശു വന്നിടും വേഗം മന്നിതിൽ വന്നിടുമേ
വല്ലഭനേശു ഉന്നതനാഥൻ വന്നിടും മേഘമതിൽ

1 മന്നവൻ വരുമേ പ്രതിഫലം തരുമേ നിശ്ചയമായ് വരുമേ
മണ്ണിൽനിന്നുയരും ഭക്തഗണങ്ങൾ വിണ്ണിൽ തന്നരികിൽ ചേർന്നിടുമേ-

2 ലോകം മുഴുവൻ ഭരണം നടത്താൻ ശോകമകറ്റിടുവാൻ
യൂദയിൻ സിംഹം രാജാധിരാജൻ മേദിനി തന്നിൽ വന്നിടുമേ-

3 സർവ്വസൃഷ്ടിയുമൊന്നു പോലിന്നു കാത്തു ഞരങ്ങിടുന്നു
ശാപമകറ്റാൻ സ്വാതന്ത്ര്യമേകാൻ ശാലേമിൻ രാജൻ വന്നിടുമേ-

4 പശി ദാഹമെല്ലാം പറന്നകലും തൻ പരിശുദ്ധഭരണമതിൽ
നീതിയിൻ സൂര്യൻ സ്നേഹക്കതിരാൽ ഭീതിയിരുൾ നിര നീക്കിടുമേ-

5 വരണം യേശുരാജൻ വരണം സത്ഭരണം വരണം
വന്നേ തോരൂ ഭക്തരിൻ കണ്ണീരന്നേ തീരൂ വേദനകൾ-

**M.E.C.**